LIBRARY ARCHIVES Kerala Legislative Assembly

അട്ടപ്പാടി ആദിവാസികളുടെ മേൽ ഫോറസ്റ്റ് ഉദ്യോഗസ്ഥർ അന്യായമായി കേസുകൾ എടുക്കുന്നതായുള്ള പരാതി

126 [3713] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ മേൽ ഫോറസ്റ്റ് ഉദ്യോഗസ്ഥർ അന്യായമായി കേസുകൾ എടുക്കുന്നതായുള്ള പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എടുത്ത നടപടികൾ വ്യക്തമാക്കാമോ;

(ബി) ആദിവാസികൾക്ക് വരുമാന സർട്ടിഫിക്കറ്റും ജാതി സർട്ടിഫിക്കറ്റും വില്ലേജ്-താലൂക്ക് ഓഫീസുകളിൽനിന്ന് ലഭിക്കാത്തതിനെ തുടർന്ന് ഇവരുടെ കുട്ടികളുടെ വിദ്യാഭ്യാസം, ചികിൽസാ സഹായം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വരുമാന സർട്ടിഫിക്കറ്റും, ജാതി സർട്ടിഫിക്കറ്റും യഥാസമയം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

മുഖാരി/മുവാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി

127 [3714] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റീസ് ആർ. എൻ. പ്രസാദ് തലവനായുള്ള വിദഗ്ദ്ധ സമിതി തയ്യാറാക്കുകയും കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്ത കേന്ദ്ര സാമൂഹ്യക്ഷേമ വകുപ്പിന്റെ 10-9-1993-ലെ 12011/68/93/ബി.സി.സി.(സി) നമ്പർ റസല്യൂഷൻ പ്രകാരമുള്ള ഒ.ബി.സി. ലിസ്റ്റിൽ കേരളത്തിലെ മുഖാരി/മുവാരി സമുദായം ഉൾപ്പട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇത് പ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്ത് പ്രസ്തുത സമുദായത്തിന് ലഭ്യമാക്കിവരുന്നുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ സമുദായത്തിന്റെ സാമൂഹ്യ-സാമ്പത്തിക നിലയെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ ഏതെങ്കിലും ഏജൻസികൾ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) കേന്ദ്രസർക്കാർ 10-9-1993-ൽ പുറപ്പെടുവിച്ചിട്ടുള്ള റസല്യൂഷനിൽ മുഖാരി/മുവാരി സമുദായം ഉൾപ്പെടുന്നില്ല.എന്നാൽ നിലവിലുള്ള കേന്ദ്ര ഒ.ബി.സി. പട്ടികയിൽ കേരളത്തിലെ മുഖാരി/മുവാരി സമുദായത്തെ ഉൾക്കൊള്ളിച്ചിട്ടുള്ളതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ടി സമുദായത്തെ ഉൾപ്പെടുത്തിയ ഉത്തരവ് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.

(ബി) ലഭിക്കുന്നില്ല. ഈ ആനുകൂല്യങ്ങൾ സംസ്ഥാനത്തും ലഭ്യമാക്കണമെന്ന സമുദായ സംഘടനയുടെ ആവശ്യം സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ പരിശോധിക്കുകയും സംസ്ഥാനത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന ഉപദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യം നിരാകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള ഒ.ബി.സി. പട്ടികയിൽ ഉൽപ്പെടുന്നു എന്ന കാരണത്താൽ മാത്രം സംസ്ഥാനത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധിക്കുകയില്ല.

(സി) ഇക്കാര്യത്തിൽ സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ കിർതാഡ്സ് മുഖേന പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഔദ്യോഗിക രഹസ്യ രേഖയാകയാൽ ലഭ്യമാക്കാൻ നിർവ്വാഹമില്ല.

ബിമ്മരം ഗിരിജൻ സെറ്റിൽമെന്റ് കോളനി നിവാസികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകാൻ നടപടി

128 [3715] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കിലെ ബിമ്മരം ഗിരിജൻ സെറ്റിൽമെന്റ് കോളനിയിൽ ഇപ്പോൾ എത്ര കുടുംബങ്ങളാണ് അധിവസിക്കുന്നത്;

(ബി) ഈ കുടുംബങ്ങളിലെ എത്ര കുട്ടികൾ ഏതെല്ലാം ക്ലാസുകളിലാണ് പഠിക്കുന്നത്;

(സി) ആദിവാസി കുട്ടികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഡിപ്പാർട്ട്മെന്റ് നൽകി വരുന്നത്;

(ഡി) ഇവിടത്തെ കോളനി നിവാസികളായ കുട്ടികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) ഏതുവർഷം വരെ ഇവർക്ക് പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് നൽകിയിരുന്നു;

(എഫ്) ഇവരുടെ ജാതി സംബന്ധിച്ച് അന്വേഷണം നടത്തുവാൻ എന്നാണ് കിർത്താഡ്സിനെ ചുമതലപ്പെടുത്തിയത്; ആരുടെയെങ്കിലും പരാതി പ്രകാരമായിരുന്നോ ഈ അന്വേഷണം; എങ്കിൽ ആരുടെ എന്ന് വ്യക്തമാക്കാമോ;

(ജി) കിർത്താഡ്സിന്റെ കണ്ടെത്തലുകളിൻമേൽ പുനരന്വേഷണം നടത്തണമെന്ന് ഈ കോളനിവാസികൾ ആവശ്യപ്പെട്ടിട്ടും സർക്കാർ ഇതിനു തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(എച്ച്) സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഈ ആദിവാസികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാത്തതുമൂലം തുടർ വിദ്യാഭ്യാസവും മറ്റും മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) കോളനി നിവാസികളുടെ കയ്യിലുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ ഇവർക്ക് പട്ടികവർഗ്ഗ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly